കുപ്രസിദ്ധ മോഷ്ടാക്കൾ കുറുപ്പംപടി പോലീസിന്റെ പിടിയിൽ. ചേർത്തല പള്ളിപ്പുറം അമ്പനാട്ട് വീട്ടിൽ മഹേഷ് (46), പെരുമ്പാവൂർ മുടിക്കൽ കമ്പനിപ്പടി ഭാഗത്ത് മാടവന വീട്ടിൽ സിദ്ദിഖ് (48) എന്നിവരെയാണ് കുറുപ്പംപടി പോലീസ് പിടികൂടിയത്. കീഴില്ലം ഷാപ്പുപടി ഭാഗത്ത് വാടകക്ക് താമസിക്കുന്ന ലിജോ പോൾ എന്നയാളുടെ വീടിന്റെ പിൻവശം വാതിൽ പൊളിച്ച് സ്മാർട്ട് ഫോണുകൾ, വാച്ചുകൾ, സ്വർണ്ണാഭരണങ്ങൾ, ഐപോഡ്, ഉൾപ്പടെ ഒരു ലക്ഷത്തി എൺപതിനായിരം രൂപയുടെ വസ്തുക്കൾ മോഷ്ടിച്ച് കടന്നു കളയുകയായിരുന്നു.